## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3429** **29.1.2014-ൽ മറുപടിക്ക്**

### സ്വരാജ് ഭവനിലേയ്ക്കു മാറ്റുന്ന ഓഫീസുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. ശിവൻകുട്ടി | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| എ) സ്വരാജ് ഭവനിലേയ്ക്കു മാറ്റി പ്രവർത്തിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന ഓഫീസുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | എ) നഗരകാര്യഡയറക്ടറുടെ കാര്യാലയം, ചീഫ് ടൗൺപ്ലാനറുടെ കാര്യാലയം, ഗ്രാമവികസന വകുപ്പ് കമ്മിഷണറുടെ കാര്യാലയം, സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസറുടെ കാര്യാലയം, കേരള റൂറൽ എംപ്ലോയീസ് & വെൽഫെയർ സൊസൈറ്റി (KREWS), ശുചിത്വമിഷൻ, ഇൻഫർമേഷൻ കേരള മിഷൻ, കമ്മിഷൻ ഫോർ ഡിസെൻട്രലൈസേഷൻ എന്നീ ഓഫീസുകളാണ് നിലവിൽ സ്വരാജ് ഭവനിലേയ്ക്കു മാറ്റാൻ ഉദ്ദേശിക്കുന്നത്. |
| ബി) അവയോരോന്നും എന്നു മുതൽ അവിടെ പ്രവർത്തനമാരംഭിക്കുമെന്നു വ്യക്തമാക്കുമോ? | ബി) സ്വരാജ്ഭവന്റെ നിർമ്മാണപ്രവൃത്തികൾ 31.5.2013ൽ പൂർത്തീകരിച്ചുവെങ്കിലും വാട്ടർ സപ്ലൈ, ഇലക്ട്രിസിറ്റി കണക്ഷൻ എന്നിവ 18.1.2014ൽ മാത്രമാണ് ലഭ്യമായത്. ഓഫീസ് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ കമ്പ്യൂട്ടറൈസേഷൻ, ക്യാബിൻ/ഫർണിഷിങ്ങ് തുടങ്ങിയ സജ്ജീകരണങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ഓഫീസുകൾക്ക് സ്വരാജ് ഭവനിൽ പ്രവർത്തനം തുടങ്ങുവാൻ കഴിയുകയുള്ളു. |

സെക്ഷൻ ഓഫീസർ